**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ഹെഡ് ക്വാർട്ടേഴ്സിൽ ബ്രെയിൽ പ്രസ് വാങ്ങുന്നതിന് നഗരസഭകളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.31/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 05.01.2016

---

പരാമർശം:- കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09.12.2015 ലെ 260-ാം നമ്പർ കത്ത്.

## ഉത്തരവ്

കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സംഘടനയുടെ ഹെഡ് ക്വാർട്ടേഴ്സിൽ സ്ഥാപിക്കുന്ന ബ്രെയിൽ പ്രസ്സ് വിദേശത്ത് നിന്നും വാങ്ങുന്നതിന് സംസ്ഥാനത്തെ നഗരസഭകളിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) കത്ത് വഴി ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ ഹെഡ് ക്വാർട്ടേഴ്സിൽ പുതിയ ബ്രെയിൽ പ്രസ്സ് വാങ്ങുന്നതിനായി മുനിസിപ്പൽ കോർപ്പറേഷനുകൾ പരമാവധി 10,000/- (പതിനായിരം രൂപ മാത്രം) രൂപ വീതവും മുനിസിപ്പാലിറ്റികൾ പരമാവധി 5,000/- (അയ്യായിരം രൂപ മാത്രം) രൂപ വീതവും അവരുടെ തനത് ഫണ്ടിൽ നിന്നും നിലവിലുള്ള അതത് കൗൺസിൽ തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന നഗരസഭകൾക്ക് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
പി. റംലത്ത്,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉത്തരവിന്റെപകർപ്പ് ജില്ലയിലെ നഗരസഭകൾക്ക് ലഭ്യമാക്കേണ്ടതാണ്)
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്, വഞ്ചിയൂർ,തിരുവനന്തപുരം - 695035
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യവകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**